**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2346 12.02.2020-ൽ മറുപടിക്ക്**

## വ്യാജ സിഗരറ്റ് വിൽപ്പന മൂലമുള്ള നികുതി നഷ്ടം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.പാറക്കൽ അബ്ദുല്ല</td><td colspan="2">ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് രാജ്യാന്തര ബ്രാൻഡുകളുടെ വ്യാജ സിഗരറ്റ് വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(എ)</td><td>പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കഴിഞ്ഞ 3-4 വർഷത്തിനിടയിൽ വ്യാജ സിഗരറ്റ് വിൽപ്പന ഇരട്ടിയായി മാറിയ കാര്യം പരിശോധിക്കുകയുണ്ടായോ;</td><td>(ബി)</td><td>മതിയായ രേഖകൾ ഇല്ലാതെ സിഗരറ്റ് കൊണ്ടുവരുന്നത് വളരെ ചുരുക്കമാണ്</td></tr>
<tr><td>(സി)</td><td>അംഗീകൃത ബ്രാൻഡുകളുടെ സിഗരറ്റുകൾ സംസ്ഥാന സർക്കാരിന് സെസ് ഉൾപ്പെടെ എഴുപത്തി മൂന്ന് ശതമാനം നികുതി നൽകിയാണോ വിൽപ്പന നടത്തുന്നത്; എങ്കിൽ ഇതുവഴി 13,000 കോടി രൂപ പ്രതിവർഷം നികുതിയായി ലഭിക്കുന്നുണ്ടോ എന്നറിയിക്കാമോ;</td><td>(സി)</td><td>സിഗരറ്റിന് 28% ജി.എസ്.ടി ആണ് നിലവിലുള്ളത്. ഇതിനു പുറമേ കോംപൻസേഷൻ സെസ്സും ബാധകമാണ്. സിഗരറ്റ് വ്യാപാരികൾ ഫയൽ ചെയ്ത ജി.എസ്.ടി.ആർ 1 റിട്ടേൺ പ്രകാരം അടയ്ക്കേണ്ട നികുതി ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>വർഷം</th><th>സി.ജി. എസ്.ടി. കുടിശ്ശിക</th><th>എസ്.ജി. എസ്.ടി. കുടിശ്ശിക</th><th>ഐ.ജി. എസ്.ടി കുടിശ്ശിക</th><th>സെസ്സ്</th></tr>
<tr><td>2017-18 (01-07-2017 മുതൽ</td><td>331 കോടി</td><td>331 കോടി</td><td>1.23 കോടി</td><td>2880.94 കോടി</td></tr>
<tr><td>2018-19</td><td>461 കോടി</td><td>461 കോടി</td><td>12.03 കോടി</td><td>3798.81 കോടി</td></tr>
<tr><td>2019-20 (ഡിസംബർ 2019 വരെ)</td><td>348 കോടി</td><td>348 കോടി</td><td>30.16 കോടി</td><td>2590.28 കോടി</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | വ്യാജ സിഗരറ്റ് വിൽപ്പനക്കാർ നികുതി നൽകാത്തതിനാൽ ഇത്രയും തുക നികുതി ഇനത്തിൽ സർക്കാരിന് ലഭിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | വ്യാജ സിഗരറ്റ് കണ്ടുപിടിച്ചാൽ അവ നശിപ്പിക്കുമെന്നതിനാൽ വ്യാജ സിഗരറ്റ് വില്പന ലാഭകരമല്ല. തന്മൂലം നികുതി നഷ്ടം പ്രതീക്ഷിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ.**